ചന്ദ്രിക

# ശാസ്ത്രജ്ഞർ കർഷകർക്ക് വേണ്ടി പ്രവർത്തിക്കണം: കേന്ദ്ര മന്ത്രി

കൊച്ചി: കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ശാസ്ത്ര സമൂഹം കർഷകർക്ക് പ്രയോജനകരമാകുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന് കേ കേന്ദ്ര കൃഷി സഹ മന്ത്രി ഡോ സഞ്ജീവ് കുമാർ ബല്യാൻ.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര കാർഷിക-കർഷക ക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഡയറക്ടർമാരെയും ശാസ്ത്രജ്ഞരെയും അഭിസംബോധനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കർഷകർക്ക് പ്രാധാന്യം നൽകിയുള്ള ഗവേഷണമാണ് വേണ്ടത്. കാർഷികമേഖലയിൽ മുന്നേറുന്നതിന് ദീർഘവിക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

നിലവിലുള്ള ഗവേഷണ സമ്പ്രദായത്തിൽ മാറ്റം വേണമെന്നും മന്ത്രി പറഞ്ഞു. സിഎംഎഫ്ആർഐയെ കൂടാതെ, സിഐഎഫ്ടി, സിഫ്നെറ്റ്, എഫ്എസ്ഐ, നിഫാറ്റ്, എൻ ബി എഫ് ജി ആർ, സിഫ്രി, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്, സ്പൈസസ് ബോർഡ്, പ്ലാന്റ് ക്വാരന്റൈൻ ഇൻഫർമേഷൻ സിസ്റ്റം, ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആന്റ് കോക്കൊ ഡവലപ്മെന്റ് എന്നീ സ്ഥാപനങ്ങളിലെ മേധാവികളും ശാസ്ത്രജ്ഞരും യോഗത്തിൽ സംബന്ധിച്ചു. ഡോ എ ഗോപാലകൃഷ്ണൻ സ്വാഗതവും ഡോ ആർ നാരായണ കുമാർ നന്ദിയും പറഞ്ഞു.